**98 (1698) ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റ്**

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 4.3.1995-ൽ വ്യവസായ വാണിജ്യ വകുപ്പിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ആഫീസർ തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് ഏതു തീയതിലാണ്;

(ബി) റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമനം കൊടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

**99 (1699) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നിയമഭേദഗതി**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തസ്തികമാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ് 1 ആയി ടൈപ്പിസ്റ്റ്/സി.എ. തസ്തികയിലുള്ളവർക്ക് നിയമനം ലഭിക്കാനുള്ള നിയമത്തിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഈ നിയമം ഭേദഗതി വരുത്തുന്നതിനുള്ള കാലതാമസം എന്താണ് എന്ന് അറിയിക്കുമോ;

(സി) ഭേദഗതി വരുത്തിയ നിയമത്തിന് എന്നുമുതൽ പ്രാബല്യം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സീനിയർ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരെക്കൂടി തസ്തികമാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ് 1 ആയുള്ള നിയമനത്തിനു പരിഗണിക്കണമെന്നുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സ്പെഷ്യൽ റൂൾസ് ഭേദഗതി ആവശ്യമായതിനാൽ വിശദമായ പരിശോധനയും നിയമപ്രകാരമുള്ള നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ട്.

(സി) ഇക്കാര്യം ഭേദഗതി വരുത്തുമ്പോൾ പരിഗണിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**100 (1702) പോലീസ് സ്റ്റേഷനുകളെ ഇന്റർ നെറ്റിലൂടെ ബന്ധിപ്പിക്കുവാൻ സംവിധാനം**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly